ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഗോഡൗണുകൾ

176 [190] *ശ്രീ. വി. കെ. സി. മമ്മത്കോയ:*
,, *എം. പ്രകാശൻ മാസ്റ്റർ:*
,, *എ. സി. മൊയ്തീൻ.* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകൾ അടച്ചുപൂട്ടണമെന്ന കേന്ദ്ര ഭക്ഷ്യമന്ത്രാലയത്തിന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(സി) നിലവിൽ സംസ്ഥാനത്തെ ഏതെല്ലാം ഗോഡൗണുകളിലാണ് ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത്; ഏതെല്ലാം ഗോഡൗണുകളിലാണ് ഭക്ഷ്യധാന്യങ്ങൾ സംഭരിക്കാതിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും സ്വകാര്യമേഖലയെ ഏൽപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നടപടി സംസ്ഥാനത്തു നിലനിൽക്കുന്ന പൊതുവിതരണ സംവിധാനത്തെ പ്രതികൂലമായി ബാധിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ എഫ്. സി. ഐ. പൂട്ടാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കേരളത്തിലെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകൾ അടച്ചുപൂട്ടണമെന്ന നിർദ്ദേശം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

GPM. 2/567/2012--27

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്ന ഗോഡൗണുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. വലിയതുറ
2. കഴക്കൂട്ടം
3. കൊല്ലം
4. കരുനാഗപ്പള്ളി
5. ആവണീശ്വരം
6. ആലപ്പുഴ
7. മാവേലിക്കര
8. ചിങ്ങവനം
9. അറക്കുളം
10. അങ്കമാലി
11. മുളംകുന്നത്തുകാവ്
12. ചാലക്കുടി
13. ഒലവക്കോട്
14. വെസ്റ്റ് ഹിൽ
15. തിക്കോടി
16. കുറ്റിപ്പുറം
17. മീനങ്ങാടി
18. മുഴപ്പിലങ്ങാട്
19. നീലേശ്വരം
20. പയ്യന്നൂർ

കൊച്ചി, അങ്ങാടിപ്പുറം എന്നീ ഗോഡൗണുകളിൽ ഇപ്പോൾ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നില്ല.

(ഡി) 40 വാഗൺ പ്ലേസ്മെന്റ് കപ്പാസിറ്റി ഇല്ലാത്ത അങ്ങാടിപ്പുറം, കൊച്ചി എന്നിവിടങ്ങളിൽ റെയിൽവേ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നില്ല.

(ഇ) ഭക്ഷ്യധാന്യങ്ങളുടെ വിതരണവും സംഭരണവും സ്വകാര്യ മേഖലയെ ഏൽപ്പിക്കുന്നതിനുള്ള ഒരു നടപടിയും കേന്ദ്ര സർക്കാർ സ്വീകരിച്ചതായി അറിവില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly